# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 09.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ജയ്പൂരിൽ 'റൈസിങ് രാജസ്ഥാൻ' ത്രിദിന ആഗോള നിക്ഷേപക ഉച്ചകോടി ഉദ്ഘാടനം ചെയ്യും. ഹരിയാനയിലെ പാനിപ്പത്തിൽ ബീമ സഖി യോജനയ്ക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും.

Prime Minister Narendra Modi to inaugurate the Raising Rajasthan Global Investment Summit in Jaipur today; Prime Minister to launch Bima Sakhi Yojana at Panipat in Haryana.

2.) ഇന്ത്യൻ നാവികസേനയുടെ പുതിയ യുദ്ധക്കപ്പൽ - 'ഐഎൻഎസ് തുഷിൽ' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് റഷ്യയിൽ കമ്മീഷൻ ചെയ്യും.

Indian Navy's New Stealth Frigate, 'INS Tushil,' to be Commissioned by Defence Minister Rajnath Singh in Russia Today.

3.) സിറിയൻ തലസ്ഥാനമായ ദമാസ്കസിന്റെ നിയന്ത്രണം വിമത സേനയ്ക്ക് ; റഷ്യയിൽ അഭയം തേടി സിറിയൻ പ്രസിഡന്റ് ബഷാർ അൽ അസദ്; മേഖലയിലെ ഇന്ത്യൻ പൗരന്മാർ സുരക്ഷിതരെന്ന് വിദേശകാര്യ മന്ത്രാലയം.

Rebels Take Control of Syrian Capital Damascus; Syrian President Bashar al-Assad Seeks Refuge in Russia; Indian Nationals in the Region Remain Safe, Says Ministry of External Affairs.

4.) കേരളത്തിൽ, കരുതലും കൈത്താങ്ങും താലൂക്ക് തല പരാതി പരിഹാര അദാലത്തിന് ഇന്ന് തുടക്കം; സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും.

Karuthalum Kaithangum' Taluk-Level Grievance Redressal Adalat to Begin in Kerala Today; State-Level Inauguration by Chief Minister Pinarayi Vijayan in Thiruvananthapuram.

## 5.) വനിതാ ജൂനിയർ ഏഷ്യ കപ്പ് ഹോക്കിയിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യയ്ക്ക് മിന്നും ജയം; ഇന്ന് ഇന്ത്യ മലേഷ്യയെ നേരിടും.

**India Secures Stunning Victory Against Bangladesh in the Junior Asia Cup Hockey; India to Face Malaysia Today.**

*******************************************

**PM-RAJASTHAN AND HARYANA**

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജസ്ഥാനും ഹരിയാനയും സന്ദർശിക്കും. രാജസ്ഥാനിലെ ജയ്പൂരിൽ 'റൈസിങ് രാജസ്ഥാൻ' ത്രിദിന ആഗോള നിക്ഷേപ ഉച്ചകോടി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. 32 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കും. ഉച്ചയ്ക്ക് ശേഷം ഹരിയാനയിൽ എത്തുന്ന ശ്രീ മോദി പാനീപ്പത്തിൽ ബീമ സഖി യോജനയ്ക്ക് തുടക്കം കുറിക്കും. സ്ത്രീകൾക്കിടയിൽ സാമ്പത്തിക സാക്ഷരതയും ഇൻഷുറൻസ് അവബോധവും പ്രോത്സാഹിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കർനാലിലെ മഹാറാണ പ്രതാപ് ഹോർട്ടികൾച്ചറൽ സർവകലാശാലയുടെ പ്രധാന ക്യാമ്പസിനും പ്രധാനമന്ത്രി തറക്കല്ലിടും.

*******************************************

**RAJNATH - RUSSIA**

ഇന്ത്യൻ നാവികസേനയുടെ ഏറ്റവും പുതിയ മൾട്ടി-റോൾ സ്റ്റെൽത്ത് ഗൈഡഡ് മിസൈൽ ഫ്രിഗേറ്റ് 'ഐഎൻഎസ് തുഷിൽ' രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് റഷ്യയിലെ കലിനിൻഗ്രാഡിലുള്ള കപ്പൽശാലയിൽ കമ്മീഷൻ ചെയ്യും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി ചടങ്ങിൽ പങ്കെടുക്കും. മൂന്ന് ദിവസത്തെ റഷ്യ സന്ദർശനത്തിനായി ഇന്നലെ രാത്രിയാണ് രാജ്യരക്ഷാ മന്ത്രി മോസ്കോയിലെത്തിയത്. സൈനിക സാങ്കേതിക സഹകരണത്തിനായുള്ള ഇന്ത്യ-റഷ്യ ഇൻറർ- ഗവൺമെൻറൽ കമ്മിഷൻറെ 21-ാമത് യോഗത്തിന് ശ്രീ സിങ്ങും റഷ്യൻ പ്രതിരോധമന്ത്രി ആന്ദ്രേ ബെലോസോവും നേതൃത്വം നൽകും. ഇന്ത്യൻ സമൂഹവുമായും രാജ്യരക്ഷാമന്ത്രി സംവദിക്കും.

*******************************************

## SYRIA - ASSAD

പശ്ചിമേഷ്യയിൽ നിന്ന് പലായനം ചെയ്ത സിറിയൻ പ്രസിഡന്റ് ബഷാർ അൽ അസദും കുടുംബവും മോസ്കോയിലെത്തി.
അബു മുഹമ്മദ് അൽ ജോലാനിയുടെ നേതൃത്വത്തിലുള്ള വിമത സേന സിറിയൻ തലസ്ഥാനമായ ദമാസ്കസിന്റെ നിയന്ത്രണം പിടിച്ചെടുത്തതിനെത്തുടർന്നാണ് പതിറ്റാണ്ടുകൾ നീണ്ട ഭരണം അവസാനിപ്പിച്ച് അസദ് രാജ്യം വിട്ടത്. അതിനിടെ, മുൻ പ്രധാനമന്ത്രി മൊഹമ്മദ് ഘാസി അൽ-ജലാലി സ്വതന്ത്ര തിരഞ്ഞെടുപ്പിന് ആഹ്വാനം ചെയ്തു. നിർണായകമായ ഈ രാഷ്ട്രീയ സംഭവ വികാസങ്ങളിൽ പ്രതികരിച്ച ആഗോള നേതാക്കൾ സിറിയൻ ജനതയ്ക്ക് പിന്തുണ ഉറപ്പു നൽകി.

*********************************************

## MEA SYRIA

സിറിയയിലെ ദമാസ്കസിൽ ഇന്ത്യൻ എംബസിയുടെ പ്രവർത്തനം തുടരുമെന്ന് അധികൃതർ അറിയിച്ചു. ഇന്ത്യൻ പൗരന്മാരുമായി എംബസി ബന്ധപ്പെട്ടിട്ടുണ്ടെന്നും എല്ലാവരും സുരക്ഷിതരാണെന്നും വിദേശകാര്യ മന്ത്രാലയ വൃത്തങ്ങൾ വ്യക്തമാക്കി. സിറിയയിലെ ഇന്ത്യൻ പൗരന്മാർക്ക് അടിയന്തര സഹായം ഉറപ്പു വരുത്തുമെന്നും എംബസി അറിയിച്ചിട്ടുണ്ട്.

*********************************************

## JAISHANKAR-MANAMA DIALOGUE(INTRO)

ഇന്ത്യയുടെ സാമ്പത്തികവും തന്ത്രപരവുമായ താൽപ്പര്യങ്ങളിൽ പശ്ചിമേഷ്യൻ മേഖല നിർണായക പങ്ക് വഹിക്കുന്നതായി വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. മനാമ ഡയലോഗിന്റെ സമാപന പ്ലീനറി സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗൾഫ് മേഖലയും ഇറാൻ, ഇറാഖ് എന്നിവയുമായി ഏകദേശം 180 ബില്യൺ ഡോളറിൻ്റെ വാർഷിക വ്യാപാരം ഇന്ത്യ നടത്തുന്നുണ്ടെന്നും മെഡിറ്ററേനിയൻ രാജ്യങ്ങളുമായുള്ള വ്യാപാരം 90 ലക്ഷം കോടി ഡോളറാണെന്നും വിദേശകാര്യമന്ത്രി പറഞ്ഞു.

**(വോയിസ്....)**

*********************************************

## FS DHAKA VISIT

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്ന് ബംഗ്ലാദേശ് സന്ദർശിക്കും. ധാക്കയിലെ വിദേശകാര്യ ഓഫീസ് കൺസൾട്ടേഷന് കീഴിലുള്ള യോഗത്തിൽ മിസ്രി പങ്കെടുക്കുമെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. ഹിന്ദു സന്യാസി ചിന്മോയി കൃഷ്ണ ദാസിൻറെ അറസ്റ്റിൽ നീതിയുക്തവും സുതാര്യവുമായ നടപടികൾ ഉണ്ടാകുമെന്ന് ഇന്ത്യ പ്രതീക്ഷിക്കുന്നതായി ശ്രീ ജയ്സ്വാൾ പറഞ്ഞു.

****************************************

## INDIAN CONSULATE CANADA

കാനഡയിലെ എഡ്-മൺടണിൽ വെള്ളിയാഴ്ച 20- കാരനായ ഇന്ത്യൻ പൗരൻ ഹർഷൻദീപ് സിങ് വെടിയേറ്റ് കൊല്ലപ്പെട്ട സംഭവത്തിൽ വാൻകൂവറിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ അനുശോചനം രേഖപ്പെടുത്തി. ഹർഷൻദീപ് സിങിൻറെ കുടുംബത്തിന് പിന്തുണ ഉറപ്പ് നൽകിയ കോൺസുലേറ്റ് സംഭവത്തിൽ രണ്ടു പേരെ അറസ്റ്റ് ചെയ്തതായി അറിയിച്ചു.

****************************************

## PANCHAYAT AWARD

ഈ വർഷത്തെ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ബുധനാഴ്ച ന്യൂഡൽഹിയിൽ സമ്മാനിക്കും. കേരളത്തിൽ നിന്ന് മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് പഞ്ചായത്തും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ - 'കില'യുമാണ് പുരസ്കാരം നേടിയത്.

****************************************

## KERALA ADALAT

മന്ത്രിമാരുടെ നേതൃത്വത്തിലുള്ള കരുതലും കൈത്താങ്ങും താലൂക്ക് തല പരാതി പരിഹാര അദാലത്തിന് ഇന്ന് തുടക്കം. സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. കണ്ണൂർ, കോഴിക്കോട്, പത്തനംതിട്ട, കോട്ടയം ജില്ലകളിലും ഇന്ന് അദാലത്തിന് തുടക്കമാകും. ജനുവരി 13 വരെ നടക്കുന്ന അദാലത്തുകളിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും മന്ത്രിമാർ നേരിട്ടെത്തി പരാതികൾ സ്വീകരിക്കും.

*********************************************

**KERALA CM**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷരുമായും ജനപ്രതിനിധികളുമായും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഓൺലൈനായി സംവദിക്കും. അതിദാരിദ്ര്യ നിർമാർജനം, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, മാലിന്യമുക്ത നവകേരളം എന്നിവ സംബന്ധിച്ച സംയോജിത പ്രവർത്തനം ആവിഷ്കരിക്കുകയാണ് യോഗത്തിൻറെ ലക്ഷ്യം.

*********************************************

**KERALA-BYELECTION**

കേരളത്തിൽ 31 വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നാളെ. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ ബുധനാഴ്ചയാണ്.

*********************************************

**ASHWINI PRAYAGRAJ - (INTRO)**

ഈ മാസം 13-ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രയാഗ്‌രാജ് സന്ദർശനത്തിന് മുന്നോടിയായി മഹാ കുംഭ് മേളയുടെ ഒരുക്കങ്ങൾ വിലയിരുത്തി കേന്ദ്ര മന്ത്രി അശ്വിനി വൈഷണവ്. ഇത്തവണത്തെ കുംഭ് മേളക്ക് പ്രത്യേക ട്രെയിൻ സർവീസുകൾ അനുവദിച്ചതായും റെയിൽ ഗതാഗതം നിരീക്ഷിക്കാൻ പ്രത്യേക മാസ്റ്റർ കൺട്രോൾ റൂം സജ്ജമാക്കിയതായും കേന്ദ്രമന്ത്രി പറഞ്ഞു.

**(വോയിസ്...)**

*********************************************

## REV. HOCKEY - ASIA CUP

മസ്ക്കറ്റിൽ നടക്കുന്ന വനിതാ ജൂനിയർ ഏഷ്യ കപ്പ് ഹോക്കിയിൽ ബംഗ്ലാദേശിനെതിരെ ഇന്ത്യക്ക് മിന്നും ജയം. ഒന്നിനെതിരെ 13 ഗോളുകൾക്കാണ് ഇന്ത്യ വിജയിച്ചത്. ഇന്ത്യക്ക് വേണ്ടി മുംതാസ് ഖാൻ നാല് ഗോളുകൾ നേടി. ഇന്ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യ മലേഷ്യയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 : 30 നാണ് മത്സരം.

**********************************************

## CHESS WORLD CHAMPIONSHIP

ലോക ചെസ് ചാമ്പ്യൻഷിപ്പിൽ മിന്നും ജയവുമായി മുന്നേറ്റം തുടർന്ന് ഇന്ത്യയുടെ ഡി. ഗുകേഷ്. ചൈനയുടെ ഡിങ് ലിറനെതിരേ നിർണായക ജയമാണ് 11-ാം റൗണ്ട് മത്സരത്തിൽ ഗുകേഷ് സ്വന്തമാക്കിയത്. പതിനാല് പോരാട്ടങ്ങൾ അടങ്ങിയ ചാമ്പ്യൻഷിപ്പിലെ 12-ാം റൗണ്ട് മത്സരം ഇന്ന് ഉച്ചക്ക് 2:30-ന് ആരംഭിക്കും.

**********************************************

## FORMER PUDUCHERRY CM - DEMISE

പുതുച്ചേരി മുൻ മുഖ്യമന്ത്രി എം ഡി ആർ രാമചന്ദ്രൻ അന്തരിച്ചു. 90 വയസ്സായിരുന്നു. വാർദ്ധക്യ സഹജമായ അസുഖങ്ങളെ തുടർന്നാണ് അന്ത്യം. 1980 മുതൽ 1983 വരെയും 1990 മുതൽ 1991 വരെയും രണ്ടു തവണ പുതുച്ചേരി മുഖ്യമന്ത്രിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2001 മുതൽ 2006 വരെ രാമചന്ദ്രൻ പുതുച്ചേരി നിയമസഭയുടെ സ്പീക്കറായിരുന്നു. 1969- ൽ ദ്രാവിഡ മുന്നേറ്റ കഴകം എംഎൽഎയായാണ് രാമചന്ദ്രൻ തന്റെ രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. പിന്നീട് A.I.A.D.M.K , കോൺഗ്രസ് പാർട്ടികളുടെയും ഭാഗമായി.

**********************************************

## ANTI CORRUPTION DAY

ഇന്ന് അന്താരാഷ്ട്ര അഴിമതിവിരുദ്ധ ദിനം. സമൂഹത്തിന്റെ വിവിധ മേഖലകളിൽ അഴിമതിക്കെതിരെ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ജനാധിപത്യത്തിനും വികസനത്തിനും അഴിമതി ഉയർത്തുന്ന വെല്ലുവിളികൾ കൂട്ടായ പ്രവർത്തനത്തിലൂടെ ചെറുക്കാൻ അഴിമതിക്കെതിരായ യു.എൻ കൺവൻഷൻ ആഹ്വാനം

ചെയ്യുന്നു. ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്ത് ഇന്ന് വിവിധ പരിപാടികൾ നടക്കും.

*********************************************

## GOYAL – INDIA – NORWAY

ഇന്ത്യയും നോർവെയും തമ്മിലുള്ള വ്യാപാരബന്ധം വർധിപ്പിക്കുന്നതിനായി ഇരു രാജ്യങ്ങൾക്കുമിടയിൽ നൂതന സ്റ്റാർട്ടപ്പുകൾ ആരംഭിക്കണമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ഇന്നലെ മുംബൈയിൽ നടന്ന ഇന്ത്യ- നോർവേ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ഗോയൽ. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി വ്യാപാര ബന്ധം മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട മന്ത്രാലയങ്ങളുമായി ചേർന്ന് വിവിധ ആശങ്കകൾ പരിഹരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയും യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷനും ഒപ്പുവെച്ച വ്യാപാര-വാണിജ്യ പങ്കാളിത്ത കരാർ, സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പായി ചടങ്ങിൽ പ്രശംസിക്കപ്പെട്ടു.

******

**********************

*********************************************